# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1830 07.12.2015 - ൽ മറുപടിക്ക്

## ആശ്രിത നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ആശ്രിത നിയമനം നല്കിയ ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിഷേധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ ആശ്രിത നിയമനങ്ങൾ അപേക്ഷകരുടെ മുൻഗണനാക്രമമനുസരിച്ച് റഗുലർ വേക്കൻസികൾ ഉണ്ടാകുന്നമുറയ്ക്ക് റഗുലറൈസ് ചെയ്യുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് റെഗുലറൈസേഷൻ ലഭിക്കുന്ന തീയതി മുതൽക്ക് മാത്രമേ സീനിയോറിറ്റി ലഭിക്കുകയുള്ളൂ. റഗുലർ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെട്ടതിനു ശേഷമായിരിക്കും അവരുടെ പ്രൊബേഷൻ ആരംഭിക്കുന്നത്. 4/9/15-ലെ G.O. (Ms) 26/15/ഉ.ഭ.പ.വ. പ്രകാരം ഡെപ്യൂട്ടേഷൻ, അന്തർ വകുപ്പ്/മ്യൂച്വൽ സ്ഥലംമാറ്റങ്ങൾക്കും ഇവർ അർഹരല്ല. റഗുലറൈസേഷൻ ലഭിക്കുന്നതുവരെ റഗുലർ വേക്കൻസിയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിനോ, റേഷ്യോ പ്രൊമോഷനോ ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല |
| (ബി) പ്രസ്തുത ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ പുനസ്ഥാപിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) സൂപ്പർ ന്യൂമററി തസ്തികകളിലെ ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ